കൊച്ചിയിലും പിന്നെ കോഴിക്കോട്ടും എത്തിയതായി എയർ ഇൻഡ്യാ അധികൃതർ ഇപ്പോൾ വിവരം നൽകിയിട്ടുണ്ട്. ഈ സംഭവത്തിൽ യാത്രക്കാർക്കുണ്ടായിട്ടുള്ള കഷ്ടപ്പാടുകൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മെമ്പറുടെ നിവേദനത്തെ തുടർന്ന് സംസ്ഥാന സർക്കാർ അടിയന്തിര നടപടി എടുത്തിട്ടുണ്ട്.

2 ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനം

ശ്രീ. എം. എ. വാഹീദ്: സർ, വികസനപ്രവർത്തനത്തിന് സ്ഥലമേറ്റെടുക്കുന്ന കാര്യത്തിൽ ഞാൻ എല്ലാ സർക്കാരിന്റേയും കൂടെയായിരുന്നു. അതിലൊരുപാട് തിക്താനുഭവങ്ങൾ അനുഭവിച്ച ആളാണ് ഞാൻ. കഴക്കൂട്ടം ടെക്നോപാർക്കിന്റെ രണ്ടും മൂന്നും ഘട്ട വികസനത്തിന് സ്ഥലമെടുക്കുമ്പോൾ ഒരുപാട് ജനകീയ സമരങ്ങൾ നേരിട്ടയാളാണ്, അതിന് സ്ഥലമെടുപ്പിന് മുമ്പന്തിയിൽനിന്ന ആളുമാണ് ഞാൻ. അന്നത്തെ മുഖ്യമന്ത്രിയും ഇന്നത്തെ പ്രതിപക്ഷനേതാവുമായ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി അന്ന് ആറ്റിപ്ര നിവാസികൾക്ക് ഒരു ഉറപ്പ് കൊടുത്തിരുന്നു. ഇൻഫോസിസ്സിനും യു.എസ്. ടെക്നോളജിക്കും സ്ഥലമെടുത്തതിനുശേഷം -200 ഏക്കർ സ്ഥലമെടുത്തു-പിന്നെ അവിടെനിന്നും സ്ഥലമെടുക്കുകയില്ലായെന്നും പകരം മറ്റൊരു സ്ഥലം കണ്ടെത്തുന്നതാണെന്നും അന്ന് ഉറപ്പ് നൽകിയിരുന്നു. അതിന് വിപരീതമായിട്ടാണ് ഇപ്പോൾ പണ്ടെങ്ങോ നോട്ടിഫൈ ചെയ്തിരുന്ന സ്ഥലത്തിന്റെ പേരിൽ പോകാനുള്ള വഴിയോ ഇടമോയില്ലാത്ത വളരെ പിന്നോക്ക പ്രദേശമായ ടെക്നോപാർക്കിന്റെ കിഴക്കുവശത്തുള്ളകുറേ സ്ഥലംകൂടി ഏറ്റെടുക്കാനുള്ള നടപടികൾ ഇപ്പോൾ നടന്നുവരികയാണ്. അവിടെ ഭൂമിയുള്ള ആളുകൾ രണ്ട് പ്രാവശ്യം കുടിയൊഴിപ്പിക്കപ്പെട്ടവരാണ്. ആദ്യം യൂണിവേഴ്സിറ്റിക്ക് സ്ഥലമെടുത്തപ്പോൾ കുഴിയൊഴിപ്പിക്കപ്പെട്ടവർ ടെക്നോപാർക്കിന്റെ സ്ഥലത്ത് താമസിച്ചിരുന്നു. ടെക്നോപാർക്കിന് സ്ഥലമെടുത്തപ്പോൾ വീണ്ടും അവരെ അവിടെനിന്ന് ഒഴിപ്പിക്കുകയാണ് ചെയ്തത്. ടെക്നോപാർക്കിന്റെ കിഴക്കുവശത്തുള്ള മലഞ്ചരിവിൽ താമസിക്കുന്നവർ ഇനി അഞ്ചും പത്തും സെന്റ് സ്ഥലങ്ങളിലായി വീട് വച്ച് താമസിക്കാൻവേണ്ടി കിടക്കുന്നവരാണ് അവിടെ റോഡൊന്നും ഇല്ലാത്തതുകൊണ്ട് കേവലം പതിനായിരവും പതിനയ്യായിരവും ഇരുപത്തയ്യായിരവും രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. ആ പണം ഉപയോഗിച്ച് ഇവർക്ക് പുതിയ വസ്തു വാങ്ങി താമസിക്കാൻ കഴിയാത്തൊരു സ്ഥിതിവിശേഷമുണ്ട്. ഇതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടെക്നോസിറ്റിയെന്നുള്ള ഒരു ആശയം ഉണ്ടാകുകയും എന്റെ സ്വന്തം പഞ്ചായത്തായ അണ്ടൂർക്കോണം പഞ്ചായത്തിലെ പള്ളിപ്പുറത്ത് 506 ഏക്കർ സ്ഥലമേറ്റെടുക്കുകയും ചെയ്തത്. അതിൽ 80 ഏക്കർ സ്ഥലം മാത്രമാണ് കൈമാറിയിട്ടുള്ളത്. ബാക്കിയുള്ള സ്ഥലം വെറുതെ കിടക്കുകയാണ്. ഇവിടെ വരാൻ പോകുന്ന കമ്പനികൾക്ക് വേണമെങ്കിൽ അവിടെ സ്ഥലം കൊടുക്കാൻ കഴിയും. പക്ഷേ അതിനേക്കാൾ വില കുറച്ച് ഈ സ്ഥലം കിട്ടുമെന്നുള്ളതുകൊണ്ടും ഈ സ്ഥലം മൊത്തത്തിലെടുത്ത് വലിയ റോഡുണ്ടാക്കി ചില സ്വകാര്യകമ്പനികളുടെ ഹോട്ടലുകളും അമ്യൂസ്മെന്റ് പാർക്കുകൾ പോലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളുമൊക്കെ ചെയ്യാൻ വേണ്ടിയാണ് ഈ സ്ഥലം കൊടുക്കാൻ ഉദ്ദേശിക്കുന്നത്. അതിന് ടെക്നോപാർക്കിനകത്ത് ഒരു മാഫിയ വർക്ക് ചെയ്യുന്നുണ്ട്. ടെക്നോപാർക്ക് ഉണ്ടായ കാലത്ത് ശ്രീ. വിജയരാഘവനോടു കൂടി വന്ന കുറേ ഉദ്യോഗസ്ഥന്മാർ അദ്ദേഹം പോയിട്ടും അവർ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. ഇവരുടെ സ്വത്തുവിവരം അന്വേഷിക്കണം. ഇവർ ഏജൻസിപ്പണിയാണ് ചെയ്യുന്നത്. വില കുറഞ്ഞ സ്ഥലം വാങ്ങിക്കൊടുക്കുന്ന ഏജൻസി പണി ചെയ്ത് കോടാനുകോടി രൂപയുണ്ടാക്കുന്ന ചില താഴ്ന്ന ഉദ്യോഗസ്ഥന്മാർ അവിടെയുണ്ട്. കാലാകാലങ്ങളിൽ വരുന്ന സി.ഇ.ഒ.മാരെ തെറ്റിദ്ധരിപ്പിക്കാറുമുണ്ട്. ഇപ്പോൾ ടെക്നോപാർക്കിൽ തേജസ്വിനി ബിൽഡിംഗിൽ പകുതി ഒഴിഞ്ഞു കിടക്കുകയാണ്. ഇനി യു.എസ്. ടെക്നോളജിയും ഇൻഫോസിസും അവിടെനിന്നും മാറി പുതിയ കാമ്പസിലേയ്ക്ക് പോകുമ്പോൾ പകുതിയോളം സ്ഥലം ടെക്നോപാർക്കിൽ മൊത്തം ഒഴിവുവരും. 5 സെന്റിലും 10 സെന്റിലും വീട് വച്ചുതാമസിക്കാൻ കിടക്കുന്ന പാവങ്ങളെ ഇനി എന്തിനാണ് ദ്രോഹിക്കുന്നത്; അവരുടെ കണ്ണുനീര് എന്തിനാണ് കാണുന്നത്? അവരോട് ദയാപൂർവ്വമായ ഒരു സമീപനം ഉണ്ടാകണം. നാട്ടുകാരുടെ നിവേദനം മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ട്, ഞാൻ നേരിട്ടും നിവേദനം തന്നിട്ടുണ്ട്. പക്ഷേ എന്നിട്ടും ടെക്നോപാർക്കിലെ ചില താഴ്ന്ന ഉദ്യോഗസ്ഥന്മാർ ഏജൻസിപ്പണി ചെയ്ത് ഈ പാവങ്ങളെ ഉപദ്രവിക്കുകയാണ്. പള്ളിപ്പുറം വില്ലേജിൽ ഇനി 400 ഏക്കറിൽ കൂടുതൽ സ്ഥലം കിടപ്പുണ്ട്. അതുകൊണ്ട് 5-ഉം 10 -ഉം സെന്റുകളിൽ താമസിക്കുന്ന പാവപ്പെട്ട ആളുകളുടെ ഭൂമി ഏറ്റെടുക്കുന്ന നടപടി റദ്ദാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, തിരുവനന്തപുരം ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽപ്പെട്ട 53 ഹെക്ടർ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് 17-10-2003-ൽ ഉത്തരവായിട്ടുണ്ട്. ഇതിൽ 9.64 ഹെക്ടർ വസ്തുക്കളുടെ ഏറ്റെടുക്കൽ നടപടികൾ യഥാസമയം പൂർത്തിയാക്കാത്തതിനാൽ അസാധുവായി. ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെട്ടതനുസരിച്ച് മേൽ വസ്തുക്കളിൽപ്പെട്ട 1.87 ഹെക്ടർ സ്ഥലം ഏറ്റെടുക്കൽ നടപടികളിൽനിന്ന് ഒഴിവാക്കിക്കൊണ്ടും 7.78 ഹെക്ടർ സ്ഥലം ഈ ആവശ്യത്തിനായി ഏറ്റെടുക്കുവാനും 1-7-2009-ൽ ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രഖ്യാപനം ഏറ്റെടുക്കൽ നിയമമനുസരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ടെക്നോപാർക്കിന്റെ ഭാവി വികസനത്തിന് ആവശ്യമുള്ളതിനാൽ ഏറ്റെടുക്കലിൽനിന്നും ഒഴിവാക്കാൻ സാദ്ധ്യമല്ല. സ്ഥലമെടുപ്പിനെതിരെ 5 (എ) വകുപ്പ് അനുസരിച്ച് കക്ഷികൾ സമർപ്പിച്ച പരാതികൾ സ്ഥലമെടുപ്പ് അധികാരികൾ വിശദമായി പരിശോധിച്ചശേഷം ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ടെക്നോപാർക്കിലെ പാർക്ക് സെന്ററിന്റെ തെക്കുകിഴക്ക് ഭാഗത്തുള്ള 306, 307 എന്നീ നമ്പരുകളിൽ സ്ഥിതിചെയ്യുന്ന വസ്തുക്കൾകൂടി ഉൾപ്പെടുത്തി 7-5-2010-ലെ റദ്ദാക്കൽ വിജ്ഞാപനത്തിനുപകരം പുതിയ റദ്ദാക്കൽ

LIBRARY ARCHIVES Kerala Legislative Assembly

വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ കത്തിലെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ഈ ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ലായെന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിനെ അറിയിച്ചു കൊള്ളുന്നു.

3. ശബരിമല തീർത്ഥാടകരോട് പോലീസ് അപമര്യാദയായി പെരുമാറിയ സംഭവം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ശബരിമല തീർത്ഥാടകരെ സംബന്ധിച്ചുള്ള ബുദ്ധിമുട്ട് ഇന്നലെ റോഡുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. ലക്ഷക്കണക്കിന് ആളുകൾ കടന്നു വരുന്നൊരു സ്ഥലമെന്നുള്ള നിലയിൽ അവർക്ക് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് ഏറ്റവും അനിവാര്യമായ കാര്യമാണ്. എന്നാൽ ഈ വർഷം പോലീസുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ അവിടെയുണ്ടാകുന്നുവെന്ന് നിരവധി റിപ്പോർട്ടുകൾ വരുന്നുണ്ട്. അത് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ലക്ഷക്കണക്കിന് ആളുകൾ കടന്നുവരുന്ന സ്ഥലമെന്നുള്ള നിലയിൽ പോലീസിന്റെ സേവനവും പ്രവർത്തനങ്ങളും ധാരാളമായി ഉണ്ടാകേണ്ട സ്ഥലമാണ്. കുറേയേറെ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന കാര്യം മറുന്നുകൊണ്ടുമല്ല സംസാരിക്കുന്നത്. എന്നാൽ ഈ പ്രാവശ്യം "ശബരിമല തീർത്ഥാടകർക്കുനേരെ ക്രൂരപീഡനം," "ക്യൂവിൽ മണിക്കൂറുകൾ," "വാഹനങ്ങൾ കൊടുംകാട്ടിൽ," "തീർത്ഥാടകക്ഷേമം മറന്നുപോകരുത്" തുടങ്ങിയ നിരവധി റിപ്പോർട്ടുകൾ ഇതുമായി ബന്ധപ്പെട്ട് വന്നിരിക്കുകയാണ്. പോലീസ് ലാത്തി ഉപയോഗിച്ച് ആളുകളെ മർദ്ദിക്കുന്നു. ലക്ഷക്കണക്കിന് ആളുകൾ വരുന്നുവെന്നുള്ള സ്ഥലമെന്ന നിലയിൽ ക്രൗഡ് മാനേജ്മെന്റ് ശാസ്ത്രീയമായി നടക്കുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വടം കെട്ടി തീർത്ഥാടകരെ തടഞ്ഞുനിർത്തി അവിടെനിന്ന് കുടിവെള്ളമില്ലാതെ 10-15 മണിക്കൂർ ക്യൂവിൽ നിൽക്കേണ്ട സാഹചര്യമുണ്ടാകുന്നു. ആ നിലയിൽ വരുമ്പോൾ സ്വാഭാവികമായും അവ നിയന്ത്രണാതീതമായി വരുന്ന സാഹചര്യത്തിൽ പോലീസ് നിയന്ത്രണം വിട്ടു പെരുമാറുന്നുവെന്നുള്ളതാണ്. ഇങ്ങനെ ലാത്തികൊണ്ട് പോലീസുകാർ മർദ്ദിച്ച സംഭവം, കഴിഞ്ഞ ദിവസം ഇടുക്കി ജില്ലയിൽ നിന്നു വന്ന ശാന്തിക്കാരനായ ഒരു ആളിന്റെ പൂണൂൽ വലിച്ച് പൊട്ടിച്ച സംഭവമുണ്ടായിട്ടുണ്ട്. അതുപോലെ ഇരുമുടി കെട്ട് വലിച്ച് താഴെയിട്ട സംഭവവുമുണ്ടായിട്ടുണ്ട്. ഇങ്ങനെ നിരവധി സംഭവങ്ങൾ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. കാരണം പോലീസ് ഉദ്യോഗസ്ഥന്മാർ തന്നെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നിരവധി പരാതികൾ അയ്യപ്പഭക്തർ പോലീസിന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ ക്രൗഡ് മാനേജ്മെന്റിനും അതുപോലെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുമുള്ള നടപടിയുണ്ടാകണം. കുറ്റക്കാരായ

LIBRARY ARCHIVES Kerala Legislative Assembly